"ഭരണഭാഷ-മാതൃഭാഷ"

**വനിത - ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**( ഹാജർ: ഷീബ ജോർജ്ജ്, ഐ.എ.എസ്)**

**ഉത്തരവ് നം ഇ1/13774/18/ഡബ്ല്യു.സി.ഡി (1)** തിരുവനന്തപുരം, തീയതി: 11/09/2018

വിഷയം : വനിത - ശിശു വികസന വകുപ്പ് - ജീവനക്കാര്യം - CDPO തസ്തികയിലെ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :1) ജി.ഒ.(പി)നം.23/2010/സാക്ഷേവ. തീയതി: 30..3..2010.

:2) ശ്രീമതി അന്നമ്മ വർഗ്ഗീസ്.പിയുടെ അപേക്ഷ.

:3) അക്കൗണ്ടന്റ് ജനറലിന്റെ 10/08/18ലെ GE 18/E/SW/1174 നമ്പർ കത്ത്.

പരാമർശം (1) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം സാമൂഹ്യനീതി വകുപ്പിൽ CDPO തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിയ്ക്കുന്നതിന് തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ 2 വർഷത്തെ സേവനകാലം പൂർത്തിയാക്കേണ്ടതും അക്കൗണ്ട് ടെസ്റ്റ് ലോവർ / അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസേഴ്സ്, MOP എന്നീ ടെസ്റ്റുകൾ വിജയിച്ചിരിക്കേണ്ടതുമാണ്. എന്നാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 13 ബി പ്രകാരം പ്രസ്തുത റൂൾസിലോ വിശേഷാൽ ചട്ടത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ സർവ്വീസിലുള്ള 50 വയസ്സ് പൂർത്തിയാക്കുന്ന ജീവനക്കാരെ വിശേഷാൽ ചട്ടങ്ങളിലെ യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള ടെസ്റ്റുകൾ ഒഴികെ ഉദ്യോഗക്കയറ്റത്തിനോ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനോ വേണ്ടി നിർബന്ധമായും നേടിയിരിക്കേണ്ട ടെസ്റ്റ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ പ്രാബല്യത്തിലുള്ള വിശേഷാൽ ചട്ടത്തിലെ 8-ാം ചട്ടത്തിൽ നിഷ്കർഷിക്കുന്നത് യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ള ഒരു ടെസ്റ്റ് അല്ലാ, മറിച്ച് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ 13-ാം ചട്ടത്തിൽ വ്യക്തമായിരിക്കും പ്രകാരം, ഉദ്യോഗക്കയറ്റത്തിനോ, സർവ്വീസിലെ ഫുൾടൈം ജീവനക്കാരനായി തീരുവാനോ വേണ്ടി ജയിച്ചിരിക്കുവാൻ ബാധ്യതയുള്ള ഒരു ടെസ്റ്റ് മാത്രമാണ്.

ഈ വകുപ്പിൽ രണ്ട് വർഷത്തെ സേവനം പൂർത്തിയാക്കുകയും 50 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതുമായ ജീവനക്കാർക്ക് 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 13 ബി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാരിയുടെ CDPO തസ്തികയിലെ **നിരീക്ഷണകാലം** ടിയാളുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ജീവനക്കാരിയുടെ പേര്** | **ജനന തീയതി** | **CDPO തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി** | **അവധി വിവരം** | **നിരീക്ഷണ കാലം പൂർത്തിയായതായി പ്രഖ്യാപിക്കുന്ന തീയതി** |
|---|---|---|---|---|
| ശ്രീമതി അന്നമ്മ വർഗ്ഗീസ്.പി | **03-01-1964** | 13/01/16 FN | HPL 120 days from 30/11/2016 to 29/03/2017 EL 62 days from 01/12/2017 to 31/01/2018 | 14/07/18 FN |

(ഒപ്പ്)
**വനിത - ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

**പകർപ്പ്:**

1. അക്കൗണ്ടന്റ് ജനറൽ (A&E കേരള) തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
3. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്